ഉത്തരം

(എ) 15,71,85,000 രൂപ കൊടുക്കുവാനുണ്ട്.

(ബി) 2315 (ഇ. പി. അനുസരിച്ച്)

(സി) ഉണ്ട്.

(ഡി) വിധിക്കടങ്ങൾ കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

ദീർഘദൂര സർവ്വീസ് നടത്തുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ അറ്റകുറ്റപ്പണികൾ

58 [4936] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ദീർഘദൂര സർവ്വീസുകൾ നടത്തുന്ന ബസ്സുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താറുണ്ടോ;

(ബി) ഇങ്ങനെ ചെയ്താൽ ബസ്സുകളുടെ ആയുർദൈർഘ്യവും പ്രവർത്തന ക്ഷമതയും ഇന്ധനലാഭവും വർദ്ധിക്കുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായി കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളുടെ നവീകരണത്തിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) വർക്ക്ഷോപ്പുകളുടെ നവീകരണത്തിന്റെ ഭാഗമായി മോഡേൺ എഞ്ചിൻ ഓവർഹോളിംഗ് ഷോപ്പും ടയറിന്റെ കോൾഡ് പ്രോസസിംഗ് റീത്രഡിംഗ് യൂണിറ്റും സെൻട്രൽ വർക്സിൽ പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ കോൾഡ് പ്രോസസ്സിംഗ് ഉള്ള ആലുവയ്ക്കും എടപ്പാളിനും പുറമെ മറ്റ് വർക്ക്ഷോപ്പുകളിലും കോൾഡ് പ്രോസസിംഗ് യൂണിറ്റ് ഉടൻ ആരംഭിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി.-ക്ക് പരസ്യം ഇനത്തിലുള്ള വരുമാനം

59 [4937] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു വർഷത്തിനിടയ്ക്ക് കെ. എസ്. ആർ. ടി. സി.-ക്ക് പരസ്യ യിനത്തിൽ എത്ര രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരസ്യം ലേലം കൊണ്ടവർ ഇനി കെ. എസ്. ആർ. ടി. സി.-ക്ക് എത്ര രൂപയുടെ കുടിശ്ശിക അടച്ചുതീർക്കാനുണ്ട്;

(സി) പരസ്യത്തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള ഏതൊക്കെ പരസ്യ കമ്പനികളെയാണ് കെ. എസ്. ആർ. ടി. സി. ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയിട്ടുള്ളത്;

(ഡി) പരസ്യത്തുക അടച്ചുതീർക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള പരസ്യ കമ്പനികൾക്കെതിരെ കെ. എസ്. ആർ. ടി. സി. നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണ് എന്ന് പറയാമോ?

ഉത്തരം

(എ) കഴിഞ്ഞ രണ്ടുവർഷത്തിനിടയ്ക്ക് പരസ്യയിനത്തിൽ 1,83,74,916 രൂപ ലഭിച്ചിട്ടുണ്ട്.

(ബി) കുടിശ്ശികയിനത്തിൽ ഒരു തുകയും അടച്ചുതീർക്കാനില്ല.

(സി) ഒരു പരസ്യകമ്പനിയേയും കെ. എസ്. ആർ. ടി. സി. ബ്ലാക്ക് ലിസ്റ്റിൽ പെടുത്തിയിട്ടില്ല.

(ഡി) പരസ്യത്തുക അടച്ചുതീർക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള കമ്പനികൾക്ക് ഉടൻതന്നെ നോട്ടീസ് നൽകി പരസ്യത്തുക അടപ്പിക്കുവാൻ നടപടി കൈക്കൊള്ളുന്നുണ്ട്. ഇപ്പോൾ കുടിശ്ശിക ഒന്നും ഇല്ല.

റൂട്ടുകൾ ക്രമീകരിക്കുന്നതിൽ ഉള്ള അപാകതകൾ പരിഹരിക്കാൻ നടപടി

60 [4938] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർണ്ണമായും ദേശസാൽക്കരിക്കപ്പെട്ട റൂട്ടുകളിൽ രാത്രികാലങ്ങളിലും അതിരാവിലെയും കളക്ഷൻനോക്കി റൂട്ടുകൾ ക്രമീകരിക്കുന്നതിൽ ഉള്ള അപാകതകൾ, ജനങ്ങൾക്കുള്ള യാത്രാസൗകര്യമില്ലായ്മ എന്നിവ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഒരു പഠനം നടത്തി ആയതിലെ അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കൺസഷനുകൾ, യാത്രാപാസ്സുകൾ എന്നിവ ഉപയോഗിക്കുന്നതുമൂലം പല റൂട്ടുകളിലും കളക്ഷൻ കണക്കാക്കാൻ കഴിയാത്ത വിവരം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) നിലവിൽ കളക്ഷൻ നോക്കി റൂട്ട് നിശ്ചയിക്കുന്നതിൽ സർക്കാർ അവലംബിക്കുന്ന മാർഗ്ഗരേഖകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇതിൽ യാത്രാ പാസ്സുകൾ, കൺസഷനുകൾ എന്നിവ എപ്രകാരം കണക്കാക്കുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly